**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **08-02-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ 67 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ഡിപ്പോയിലെ ശരാശരി ദിവസ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഡിപ്പോയിൽ പ്രതിദിനം ശരാശരി 10 ലക്ഷം രൂപ വരുമാനം ലഭിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ കോവിഡിന് മുൻപ് ഉണ്ടായിരുന്ന ഏതെങ്കിലും സർവീസുകൾ നിലവിൽ മുടങ്ങി കിടക്കുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാമാണെന്നും അവ പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (സി) | 1. 22.30 പത്തനംതിട്ട<br>2. 19.45 കോട്ടയം<br>3. 08.30 കുമിളി<br>4. 14.05 പെരിക്കല്ലൂർ<br>5. 06.20 നാരേക്കടവ്<br>6. 06.45 ബൈരക്കുപ്പ<br>7. 07.45 ബൈരക്കുപ്പ<br>8. 07.50 വാറ്റുമ്മൽക്കടവ്<br>എന്നീ സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്. ഇതിൽ ദീർഘദൂര സർവ്വീസുകൾക്ക് പകരമായി ധാരാളം പുതിയ സർവ്വീസുകൾ പ്രധാന റൂട്ടുകളിൽ ആരംഭിച്ചിട്ടുണ്ട്. അനാവശ്യ കോൺവോയ് ഒഴിവാക്കുന്നതിനുവേണ്ടി അധിക സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര |

| | | | |
|---|---|---|---|
| | | | ലാഭകരവും ജനോപകാരപ്രദവുമായ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ